



# മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതി

# സോഷ്യൽഓഡിറ്റ്റിപ്പോര്ട്ട് (കരട് )

# മുഖത്തല ബ്ലോക്ക്മയ്യനാട്പഞ്ചായത്ത്,

# പുല്ലിച്ചിറവാര്ഡ് 9

# സോഷ്യൽഓഡിറ്റ്കാലയളവ്: 01-10-2018 to 31-03-2019

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
രണ്ടാം നില, സി.എസ്.ഐ ബിൽഡിങ്സ്
എൽ.എം.എസ് കോമ്പൗണ്ട്
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം

പിൻ: 695033
ഫോൺ: 0471 2724696
ഇ.മെയിൽ:keralasocialaudit@gmail.com

## ആമുഖം

രാജ്യത്തെ ഗ്രാമങ്ങളില്ജീവിക്കുന്നസാധാരണക്കാരായമനുഷ്യരുടെ സരവതോന്മുഖമായപുരോഗതിലക്ഷ്യം വച്ച്സ്വാതന്ത്ര്യാനന്തരഇന്ത്യന് പാർലിമെന്റ് നിർമ്മിക്കപ്പെട്ട ശക്തമായനിയമങ്ങളിലൊന്നാണ്മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതി. 2005 സെപ്തംബർമാസം 5-ാംതീയ്യതിഈനിയമംനിലവില് വന്നു.

തൊഴിൽ ഒരുഅവകാശമായികല്പ്പിച്ചുനല്കുന്നനിരവധിസവിശേഷതകളുള്ളനിയമമാണിത്. ഗ്രാമീണമേഖലയിലെദാരിദ്യ നിർമ്മാജനം എന്നപ്രാഥമികലക്ഷ്യത്തോടൊപ്പംപാരിസ്ഥിതികപുനസ്ഥാപനം, സാമൂഹ്യആസ്തിസൃഷ്ടിക്കൽഎന്നിവയുംതൊഴിലുറപ്പ്പദ്ധതിയുടെലക്ഷ്യങ്ങളാണ്.ജനങ്ങളുടെതൊഴിൽചെയ്യുവാനുള്ളഅവകാശത്തിനുംഅവരുടെകായികാധ്വാനശേഷിക്കുംനിയമസാധുതയുംഅന്തസ്സുംകല്പ്പിക്കുന്നുവെന്നതാണ്മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതിയുടെ സവിശേഷത.

## മുഖ്യലക്ഷ്യങ്ങൾ

1.ഗ്രാമപ്രദേശത്ത് താമസിക്കുന്ന,അവിദഗ്ധതൊഴിൽചെയ്യാൻ താത്പര്യമുള്ള എതൊരുകുടുംബത്തിനുംഒരുസാമ്പത്തികവര്ഷം 100 ദിവസത്തെതൊഴിലിനുള്ളഅവകാശം.

2.ദരിദ്രരുടെഉപജീവനവുമായിബന്ധപ്പെട്ടവിഭവാടിത്തറശക്തിപ്പെടുത്തൽ.

3.സാമൂഹ്യമായിപിന്നാക്കംനില്ക്കുന്നഎല്ലാകുടുംബങ്ങളെയുംപദ്ധതിയില് ഉള്പ്പെടുത്തുക.

4.പഞ്ചായത്ത്രാജ്സ്ഥാപനങ്ങളെശക്തിപ്പെടുത്തുക.

## സവിശേഷതകൾ

- നിയമത്തിന്റെപിന്ബലമുള്ളഅവകാശാധിഷ്ഠിതപദ്ധതി
- സ്ത്രീക്കുംപുരുഷനുംതുല്യവേതനം
- പരിസ്ഥിതിസംരക്ഷണം,കാര്ഷികമേഖലയിലെഅടിസ്ഥാന സൗകര്യവികസനം
- തൊഴിലാളികള്ക്ക്ആസൂത്രണത്തിലുംനിർവഹണത്തിലുംപങ്കാളിത്തം
- വേതനംനേരിട്ട്തൊഴിലാളികളുടെബാങ്ക്/പോസ്റ്റോഫീസ്അക്കൗണ്ടിലേക്ക്
- പദ്ധതിസുതാര്യമാക്കാന് സാമൂഹ്യഓഡിറ്റ്

## <u>സോഷ്യൽഓഡിറ്റിന്റെപ്രാധാന്യം</u>

മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതിപ്രകാരംഗ്രാമപഞ്ചായത്ത്പ്രദേശത്ത്നടപ്പിലാക്കുന്നഎല്ലാപ്രവൃത്തികളുംപൊതുജനപങ്കാളിത്തത്തോടെയുള്ളസോഷ്യല്ഓഡിറ്റിനിവിധേയമാക്കണമെന്ന്ഈ നിയമത്തിന്റെഅനുച്ഛേദം 17(2)ൽനിഷ്കര്ഷിക്കുന്നു. പദ്ധതിപ്രവര്ത്തനത്തെപ്പറ്റിയുംപൊതുധനം ചെലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹംനടത്തുന്നപരസ്യവുംസ്വതന്ത്രവുമായപരിശോധനയാണ്സോഷ്യല് ഓഡിറ്റ്അഥവാസാമൂഹികകണക്ക്പരിശോധന.

എല്ലാവാര്ഡിലുംവര്ഷത്തില് രണ്ട്പ്രാവശ്യംസോഷ്യല് ഓഡിറ്റ്ഗ്രാമസഭകൾകൃത്യമായിനടത്തണം. തൊഴിലുറപ്പ്പദ്ധതിയിൽഅഴിമതിക്ക്ഇടനല്കാതെ, സുതാര്യതയുംകാര്യക്ഷമതയുംഉറപ്പുവരുത്തുകയാണ് സോഷ്യൽഓഡിറ്റിലൂടെ ലക്ഷ്യമിടുന്നത്.സമൂഹത്തിലെ നാനാതുറകളിലുള്ളവരുടെപങ്കാളിത്തംഉറപ്പാക്കി,വിപുലമായസാമൂഹ്യവിദ്യാഭ്യാസപരിപാടിയായണ്സോഷ്യൽഓഡിറ്റ്പ്രക്രിയനടക്കുക. പദ്ധതിപ്പണംശരിയായരീതിയില് ചെലവഴിച്ചിട്ടുണ്ടോ, പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചുവോ, പദ്ധതിയുടെഗുണഭോക്താക്കളുടെജീവിതത്തിൽഗുണപരമായഎന്തുമാറ്റമാണുണ്ടായത്, സാമൂഹ്യആസ്തിസൃഷ്ടിച്ചിട്ടുണ്ടോതുടങ്ങിയകാര്യങ്ങളാണ്സോഷ്യൽഓഡിറ്റിലൂടെകണ്ടെത്താൻശ്രമിക്കുന്നത്. പൊതുജനങ്ങളുടെപങ്കാളിത്തത്തോടെനടത്തുന്നതിനാല് സര്ക്കാര് പദ്ധികളുടെ

നടത്തിപ്പിനുമേൽപൊതുസമൂഹത്തിന്റെജാഗ്രതയുറപ്പാക്കാന് സോഷ്യല് ഓഡിറ്റ്വഴിയൊരുക്കും.

രാജ്യത്തെപരമോന്നതഓഡിറ്റിങ്സംവിധാനമായകംട്രോളര് ആന്റ്ഓഡിറ്റര്ജനറല് (സി.എ.ജി) പുറപ്പെടുവിച്ചമാര്ഗനിര്ദേശമനുസരിച്ചാണ്ഈ സോഷ്യല് ഓഡിറ്റ്നടത്തിയിട്ടുള്ളത്.സംസ്ഥാനസര്ക്കാര്രൂപീകരിച്ചസോഷ്യല് ഓഡിറ്റ്യൂണിറ്റിന്റെനേതൃത്വത്തില് സോഷ്യല് ഓഡിറ്റ്നടത്തുന്നത്

## രീതിശാസ്ത്രം

സോഷ്യൽഓഡിറ്റ്റിസോഴ്സ്പേഴ്സണ് പ്രവൃത്തിഫയല് പരിശോധന, ഫീല്ഡ്സന്ദര്ശനം, തൊഴിലാളികളുമായുള്ളഅഭിമുഖം, എം.ഐ.എസ്പരിശോധനഎന്നിവയെഅടിസ്ഥാനമാക്കിയാണ് സോഷ്യൽഓഡിറ്റ്റിപ്പോര്ട്ട്തയ്യാറാക്കിയിട്ടുള്ളത്. താഴെപറയുന്നരീതിഅവംലംബിച്ചാണ്ഈറിപ്പോര്ട്ട്തയ്യാറാക്കിയിട്ടുള്ളത്

## അവകാശങ്ങളെസംബന്ധിച്ച്

മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതിപ്രകാരംതൊഴിലാളികൾക്ക്ലഭിക്കേണ്ടഅവകാശങ്ങളെകുറിച്ചുംഏറ്റെടുക്കേണ്ടപ്രവൃത്തികളെകുറിച്ചുംതൊഴിലുറപ്പ്നിയമത്തിലും 2018 -19 ലെമാസ്റ്റര് സര്ക്കുലറിലുംവിശദമായിപ്രതിപാദിച്ചിട്ടുണ്ട്.

## തൊഴിലാളികളുടെ 10 അവകാശങ്ങൾ

1)അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽതൊഴിൽകാര്ഡ്ലഭിക്കുവാനുള്ളഅവകാശം. Act schedule 2 a.

2)അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽതൊഴില്ലഭിക്കുവാനുള്ളഅവകാശവുംആയതിന്റെ കൈപ്പറ്റ്റസീത്ലഭിക്കുന്നതിനുള്ളഅവകാശവും (Act schedule 2 section 6)

3)തൊഴില്ലഭിച്ചില്ലെങ്കില് തൊഴിലില്ലായ്മവേതനംലഭിക്കുവാനുള്ളഅവകാശം, (15

ദിവസംകഴിഞ്ഞാല് അടുത്ത30 ദിവസംദിവസവേതനത്തിന്റെനാലിലൊന്നുംപിന്നിടുള്ളദിവസങ്ങളിൽദിവസവേതനത്തിന്റെ 50% വുംലഭിക്കാന് തൊഴിലാളിക്ക്അവകാശമുണ്ട്.) Section 7

4)പദ്ധതിആസൂത്രണത്തില് പങ്കെടുക്കാനുള്ളഅവകാശം. (section 16)

5)5കിലോമീറ്ററിനുള്ളില് തൊഴില് ലഭിക്കുവാനുള്ളഅവകാശം, അല്ലെങ്കില്(വേതനത്തിന്റെ 10 ശതമാനംഅധികം) Schedule 3 section 12.

6)കുടിവെള്ളം,വിശ്രമസൗകര്യം,പ്രഥമ ശുശ്രൂഷാ സൗകര്യംഇവ ലഭിക്കുന്നതിനുള്ള അവകാശം. (schedule 2 section 5 subsection 23)

7)15 ദിവസത്തിനുള്ളിലേതനംലഭിക്കുന്നതിനുള്ളഅവകാശം.

8)വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരംലഭിക്കുവാനുള്ളഅവകാശം(schedule 2 section 5 subsection 29)

9)സമയബന്ധിതമായുള്ളപരാതിപരിഹാരത്തിനുള്ളഅവകാശം.(section 19)

10)ഗ്രാമസഭയില് പങ്കെടുക്കുന്നതിനും സോഷ്യല് ഓഡിറ്റ് പ്രക്രിയയില്പങ്കെടുക്കാനുമുള്ളഅവകാശം. (section 17)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ്പദ്ധതിഅടിസ്ഥാനപരമായിഒരുഅവകാശാധിഷ്ഠിതപദ്ധതിയാണ്.അതുകൊണ്ടുതന്നെതൊഴിലാളികളുടെഅവകാശലംഘനത്തെഗൗരവത്തോടെതന്നെകാണേണ്ടതുണ്ട്.അതിലേക്ക്വരുന്നതിനുമുമ്പ്സോഷ്യൽഓഡിറ്റ്റിസോഴ്സ്പേഴ്സണ് പുല്ലിച്ചിറവാര്ഡ് വാർഡിൽ കഴിഞ്ഞസാമ്പത്തികവര്ഷംനടത്തിയപ്രവൃത്തികളുടെഫയലുകള് പരിശോധിക്കുകയുണ്ടായി. അതിന്റെവിവരങ്ങള് ഇവിടെപങ്കുവക്കുന്നു.

**പഞ്ചായത്തിനെസംബന്ധിച്ചഅടിസ്ഥാനവിവരങ്ങൾ**

കൊല്ലം ജില്ലയിലെകൊല്ലംതാലൂക്കിൽസ്ഥിതിചെയ്യുന്ന പഞ്ചായത്താണ് മയ്യനാട്17.57ച.കി.മീ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 23 വാർഡുകളാണുള്ളത് .ആകെജനസംഖ്യ 53893 ആണ്.ആദിച്ചനല്ലൂർ, തൃക്കോവിൽവട്ടം എന്നീപഞ്ചായത്തുകളുംപരവൂർമുൻസിപ്പാലിറ്റിയുംകൊല്ലംനഗരസഭയുംപടിഞ്ഞാറുകടലുമാണ്അതിരുകൾ . മയ്യനാട്ആസ്ഥാനമായാണ്പഞ്ചായത്ത്സ്ഥിതിചെയ്യുന്നത് .ഹിന്ദുമുസ്ലിം,ക്രിസ്ത്യൻമതവിഭാഗത്തിൽപെട്ടവർഒരുമിച്ച്ജീവിക്കുന്നു .നെല്ല്, തെങ്ങ് ,മരച്ചീനിഎന്നിവയാണ്പ്രധാനപ്പെട്ടവിളകൾ. ഈപഞ്ചായത്തിൽആകെ 4570 തൊഴിൽകാർഡുകളാണ്ഉള്ളത് . നിലവിൽആകെ6236തൊഴിലാളികളാണ്ഈപഞ്ചായത്തിൽതൊഴിലുറപ്പ്പദ്ധതിവഴി തൊഴിൽചെയ്യുന്നത്.

| | |
|---|---|
| ജില്ല | കൊല്ലം |
| ബ്ലോക്ക് | മുഖത്തല |
| താലൂക്ക് | കൊല്ലം |
| പഞ്ചായത്തിന്റെപേര് | മയ്യനാട് |
| വീസ്തീർണ്ണം | 17.57 ചകിമി |
| നിയമസഭാമണ്ഡലം | ഇരവിപുരം |
| പാർലമെന്റ്മണ്ഡലം | കൊല്ലം |
| വാർഡുകളുടെഎണ്ണം | 23 |
| ആകെജനസംഖ്യ | 53893 |
| സ്ത്രീകൾ | 28266 |
| പരുഷൻമാർ | 25627 |
| പട്ടികജാതിജനസംഖ്യ | 3317 |

**പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന**

| വിവരങ്ങൾ | | |
|---|---|---|
| 1 | ആകെ തൊഴിൽ കാർഡ് | 4570 |
| 2 | ആകെ തൊഴിലാളികൾ | 6236 |
| 3 | ആക്റ്റീവ് തൊഴിൽ കാർഡ് | 1642 |
| 4 | ആക്റ്റീവ് തൊഴിലാളികൾ | 989 |
| 5 | പട്ടികജാതി വിഭാഗം | 275 |
| 6 | എസ്ടിതൊഴിലാളികൾ | NIL |
| 7 | കഴിഞ്ഞവർഷം ആകെ ചെലവ് | 261.41 ലക്ഷം |
| 8 | ഈ വർഷം ആകെ ചെലവ് | 163.61 ലക്ഷം |

## പുല്ലിച്ചിറവാർഡിലെതൊഴിലുറപ്പുപദ്ധതിയുമായിബന്ധപ്പെട്ടവിവരങ്ങൾ

| | |
|---|---|
| ആകെ തൊഴിൽ കാർഡ് | 95 |
| ആകെ തൊഴിലാളികൾ | 133 |
| ആക്റ്റീവ് തൊഴിലാളികൾ | 23 |

## സോഷ്യൽ ഓഡിറ്റിനവിധേയമാക്കിയ പ്രവൃത്തികൾ

| ക്രമ നമ്പർ | വർക്ക്കോഡ് | വർക്കിന്റെപേര് | കാലയളവ് | അടങ്കൽതുക | ചെലവായതുക |
|---|---|---|---|---|---|
| 1 | WC/305419 | ഭൂവുടമകളുടെ വസ്തുകളിലെജലസംരക്ഷണം | 03/10/18-23/12/18 | 495146 | 41307 |

| | | | | | |
|---|---|---|---|---|---|
| 2 | WC/166727 | ഭൂവുടമകളുടെ വസ്തുകളിലെജല സംരക്ഷണം | 19/02/19-23/03/19 | 233410 | 26414 |
| 3 | IC/215706 | KIPകനാൽ നവീകരണം | 29/12/18-04/02/19 | 453612 | 24166 |

## ഏഴ് രജിസ്റ്ററുകളുടെ പരിശോധന

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും സൂക്ഷിക്കേണ്ടവയാണ്.

1) തൊഴിൽ കാർഡിനുള്ള അപേക്ഷയുടെ രജിസ്റ്റർ
2) സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3) ഡിമാന്റ് രജിസ്റ്റർ
4) പ്രവൃത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5) സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6) പരാതി രജിസ്റ്റർ
7) സാധന ഘടക രജിസ്റ്റർ

### രജിസ്റ്റർവെരിഫിക്കേഷൻറിപ്പോർട്ട്

AMCപ്രകാരമുള്ള 7 രജിസ്റ്ററുകളിൽ 6 രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ട്.
എന്നാൽതൊഴിലുറപ്പ്പദ്ധതിയ്ക്കായിപ്രത്യേകംഗ്രാമസഭാരജിസ്റ്റർസൂക്ഷിച്ചിട്ടുള്ളതായികാണാൻകഴിഞ്ഞില്ല.
പകരംപൊതുഗ്രാമസഭാരജിസ്റ്ററിലാണ്തൊഴിലുറപ്പ്പദ്ധതിയുമായിബന്ധപ്പെട്ട വിവരങ്ങൾസൂക്ഷിക്കുന്നതായികാണാൻകഴിഞ്ഞത്.

## ഫയൽ വെരിഫിക്കേഷൻ

2018ലെ വാർഷിക മാസ്റ്റർ സർക്കുലർ അധ്യായം 7ലെ ഖണ്ഡിക 11(5) പ്രകാരം ഒരു പ്രവൃത്തി ഫയലിൽ താഴെ പറയുന്ന 22 രേഖകൾ സൂക്ഷിക്കേണ്ടതുണ്ട്:

1.കവർപേജ്
2.ചെക് ലിസ്റ്റ്
3.വാർഷിക പദ്ധതി ആസൂത്രണ രേഖ
4.ടെക്നിക്കൽ എസ്റ്റിമേറ്റ് ആന്റ് ഡിസൈൻ
5.സാങ്കേതിക അനുമതി രേഖ
6.ഭരണാനുമതി രേഖ
7.സംയോജിത പദ്ധതി ആണെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകൾ
8.ആനുവൽ മാസ്റ്റർ സർക്കുലർ അനുച്ഛേദം 3എ,3ബി പ്രകാരമുള്ള തൊഴിലാളികളുടെ ഡിമാന്റ് ഫോറം.
9.പ്രവൃത്തി അനുവദിക്കൽ ഫോറം
10.ഇ.മസ്റ്റർ റോൾ
11.മെഷർമെന്റ് ബുക്ക്
12.മെറ്റീരിയൽ വർക്ക് ആണെങ്കിൽ സാധനങ്ങൾ വാങ്ങുന്നതും ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ
13.വേജ് ലിസ്റ്റ്
14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ
15.മെറ്റീരിയൽ വൗച്ചറുകളും ബില്ലുകളും
16.റോയൽറ്റി ഉണ്ടെങ്കിൽ അതിന്റെ രേഖകൾ
17.പ്രവൃത്തി ആരംഭം മുതൽ അവസാനിക്കുന്നതുവരെയുള്ള മൂന്ന് ഘട്ട ഫോട്ടോ.
18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം.
19.മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്/ഫയൽ ട്രാക്കിങ് ഫോറം
20.ജിയോ ടാഗ്ഡ് ഫോട്ടോഗ്രാഫ്
21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി
22.സൈറ്റ് ഡയറി

## കണ്ടെത്തലുകൾ

ഓഡിറ്റിന്റെഭാഗമായിപ്രവർത്തികളുടെഫയൽപരിശോധിച്ചപ്പോൾ3ഫയലിലുംഏറ്റവുംഅത്യാവശ്യമായിസൂക്ഷിക്കേണ്ടചിലരേഖകൾസൂക്ഷിച്ചിട്ടില്ലെന്ന്കണ്ടെത്തി.,എന്നാൽഇനിയുള്ളഫയലുകളിൽഎല്ലാരേഖകളും ഉൾപ്പെടുത്താനുള്ളശ്രമങ്ങൾMGNREGAഉദ്യോഗസ്ഥരിൽനിന്നുംഉണ്ടായിട്ടുണ്ട്

| Document List | Yes/No | Remarks |
|---|---|---|
| Cover Page | Yes | **NOT IN AMC FORMAT** |
| Check List of Documents | NO | |
| Copy of Annual Action Plan/Shelf of Projects | Yes | |
| Copy of Technical Estimate & Design | Yes | |
| Technical Sanction | Yes | |
| Adminstrative/Financial Sanction | No | |
| Convergence Funds/Inputs if any | No | File has no Convergence Scheme |
| Demand Application Form | Yes | |
| Work Allocation Form | Yes | |
| Copy of Filled e-muster rolls | Yes | ചില മസ്റ്റർ റോളുകളിൽവെട്ടിതിരുത്തലുകൾ ഉണ്ടായിരുന്നു. |
| Copy of Measurement Book | Yes | ഓരോ ഭൂഉടമയുടെയും പുരയിടങ്ങളിൽഎത്രത്തോളം പ്രവർത്തി നടന്നിട്ടുണ്ടെന്ന് എം ബുക്കിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നില്ല |
| Material Procurement Document & Usage | No | No material work |
| Copy of Wage List | Yes | |
| Copies of Wage and Material Payment FTOs | yes | |
| Material Vouchers & Bills | NO | |
| Copies of Recipts of Royalty Paid | No | |
| Photograph of the Project (3 Stages) | Yes | |
| Work Completion Certificate | No | |
| Muster Roll Movement Slip | Yes | |
| Geo Tagged Photograph of the Asset | No | |
| Copy of Social Audit Report of the work | No | |
| Other State Specific | Yes | WC/166727 IC/215706, WC/305419 |

| | | |
|---|---|---|
| Documents/ സൈറ്റ് ഡയറി | | സൈറ്റ് ഡയറിയിൽ വി എം സി റിപ്പോർട്ട് ഇല്ലായിരുന്നു. |

പ്രവൃത്തിസ്ഥലംസന്ദർശനം

പ്രകൃതിപരിപാലനത്തിനുംസാമൂഹ്യആസ്തിസൃഷ്ടിക്കുന്നതിനുംസഹായിക്കുന്നനിരവധിപ്രവൃത്തികൾഏറ്റെടുക്കുന്നതിനുള്ളസാധ്യതയുള്ളപഞ്ചായത്താണ് ഇത്.
ഫയലിൽകണ്ടവിവരങ്ങളുടെനിജസ്ഥിതിനേരിൽ
കണ്ടുമനസ്സിലാക്കുന്നതിനായിസോഷ്യൽഓഡിറ്റ്അംഗങ്ങൾപണിപൂര്ത്തിയാക്കിയപ്രവൃത്തിസ്ഥലങ്ങൾസന്ദർശിക്കുകയുണ്ടായി.
പ്രവൃത്തികൾപരിശോധിച്ചുംതൊഴിലാളികളോടുംമേറ്റുമാരോടുംസംസാരിച്ചും ഫയലിൽ ഉള്ളതിൽ നിന്നും ഫീൽഡിൽ കണ്ടെത്താൻ ആയതുമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.വർക് കോഡ് IC/215706**

കെ ഐ പി കനാൽ നവീകരണം

കനാൽ പൂർണമായും കാടു കയറി കിടക്കുന്നത് ആണ് കാണാൻ കഴിഞ്ഞത്. കനാലിൽ വേസ്റ്റ്കൾ നിറഞ്ഞിരിക്കുന്നതായും കനാലിന്റെ തീരത്തു വേസ്റ്റ് കൂട്ടി കത്തിച്ചിരിക്കുന്നതായുമാണ് കാണാൻ കഴിഞ്ഞത്. കനാലും

റോഡും തിരിച്ചറിയാൻ പറ്റാത്ത രീതിയിൽ കാടു പിടിച്ചിരിക്കുന്നതായ് കണ്ടു.

**2.വർക്ക് കോഡ് wc/305419**

ഭൂ ഉടമകളുടെ വസ്തുക്കളിൽ ജലസംരക്ഷണം

- ഷീജ മെർലിൻ ജോർജ്, കല്ലുവിള, മയ്യനാട്

എന്ന ഭൂഉടമയ്ക്ക് 1773 sq.m വിസ്തീർണത്തിൽ പുരയിടം കിളച്ച് കൃഷിയോഗ്യമാക്കിയിരുന്നു എന്നാൽ ഇപ്പോൾ കാടുപിടിച്ച നിലയിൽ ആണ് കാണാൻ സാധിച്ചത്.

- ഷീജ ജസ്റ്റിൻ, കല്ലുവിള, മയ്യനാട്

എന്ന ഭൂവുടമയുടെ പുരയിടം 1643.5 sq.m

വിസ്തീർണത്തിൽ കൃഷി യോഗ്യമാക്കി കൊടുത്തിരുന്നതായി കണ്ടു. എന്നാൽ ഇപ്പോൾ കാടുപിടിച്ച നിലയിൽ ആണ് കാണാൻ സാധിച്ചത്. കൃഷി ഒന്നും ചെയ്തതായി കാണാൻ സാധിച്ചില്ല.

- നീന ശ്രീകാന്ത്, അക്സ ലാൻഡ്. പുല്ലിച്ചിറ

എന്ന ഉടമയുടെ പുരയിടം 1326 sq.m വിസ്തീർണത്തിൽ വൃത്തിയാക്കി കൊടുത്തിരുന്നു എന്നാൽ ഇപ്പോൾ കാടുപിടിച്ച നിലയിലാണ് കാണാൻ കഴിഞ്ഞത്.

**3..വർക് കോഡ് wc/166727**

<u>ഭൂ ഉടമകളുടെ വസ്തുക്കളിൽ ജലസംരക്ഷണം</u>

- സുവർണലത, വലിയ തെക്കതിൽ വീട്, പുല്ലിച്ചിറ

482.8 sq.m വിസ്തീർണത്തിൽ പുരയിടം കിളച്ച് കൃഷിയോഗ്യമാക്കിയിരുന്നു എന്നാൽ ഇപ്പോൾ കാടുപിടിച്ച നിലയിൽ ആണ് കാണാൻ സാധിച്ചത്.

- രഞ്ജിനി, രഞ്ജിനി ഭവൻ, പുല്ലിച്ചിറ

എന്ന ഭൂവുടമയുടെ പുരയിടം 448.8 sq.mവിസ്തീർണത്തിൽ കൃഷി യോഗ്യമാക്കി കൊടുത്തതായി കണ്ടു. എന്നാൽ കൃഷി ഒന്നും ചെയ്തതായി കാണാൻ സാധിച്ചില്ല.

- ക്രിസ്റ്റഫർ ക്രിസ്റ്റോ കോട്ടേജ്, പുല്ലിച്ചിറ.

എന്ന ഉടമയുടെ പുരയിടം 2094.7sq.m വിസ്തീർണത്തിൽ വൃത്തിയാക്കിയിരിക്കുന്നതായി കണ്ടു. എന്നാൽ കൃഷി ചെയ്തിരിക്കുന്നതായി കണ്ടില്ല.

ഓരോ ഭൂവുടമകളുടെയും പുരയിടങ്ങളിലായി എത്രത്തോളം പ്രവർത്തികൾ നടന്നിട്ടുണ്ട് എന്ന് എം ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല. ഇത്തരത്തിലുള്ള രേഖകൾ കൂടി എം ബുക്കിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. ജലസംരക്ഷണ പ്രവർത്തിയായി എല്ലാ പുരയിടങ്ങളും കിളച്ച് കൃഷി യോഗ്യമാക്കി ഇരിക്കുകയാണ് ചെയ്തിരിക്കുന്നത് .മണ്ണ് ജലസംരക്ഷണപ്രവൃത്തികളായ മൺ കയ്യാല ട്രഞ്ച് തുടങ്ങിയ പ്രവർത്തികൾ ഇവിടുത്തെ ഭൂപ്രകൃതിക്ക് അനുയോജ്യമല്ലാത്തതു കൊണ്ടും സെക്യൂറിൽ നിന്ന് വരുന്ന എസ്റ്റിമേറ്റ് ഇപ്രകാരം ആയതുകൊണ്ടാണ് അങ്ങനെ വരുന്നത് എന്നാണ് സാങ്കേതിക വിദഗ്ധരിൽ നിന്നും കിട്ടിയ വിവരം ഇത് ശരിക്കും പരിശോധിക്കേണ്ട വിഷയമാണ്.

ആയതിനാൽ ഈ പ്രവൃത്തിക്ക് ചിലവായ പൊതു പണം കൃത്യമായി ഉപയോഗിച്ചിട്ടുണ്ടോ എന്ന് വിലയിരുത്താൻ സാധിക്കില്ല.

▶ഒരു പ്രവർത്തി സ്ഥലത്തും CIB സ്ഥാപിച്ചിട്ടില്ല

## **<u>തൊഴിലാളികളുമായുള്ള അഭിമുഖത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ.</u>**

▶കുടിവെള്ളം തൊഴിലിടങ്ങളിൽ തൊഴിലാളികൾ സ്വയം ശേഖരിക്കുന്നതായി പറഞ്ഞു.

▶തൊഴിലിനുള്ള അപേക്ഷ പഞ്ചായത്തിൻറെ ഫ്രണ്ട് ഓഫീസ് വഴി നൽകണമെന്നുള്ള അറിവ് തൊഴിലാളികൾക്ക് ഉണ്ടായിരുന്നു.

▶first aid box ലഭ്യമല്ലെന്ന് എന്ന് പറഞ്ഞു.

▶ടാർപ്പോളിൻ, കുടിവെള്ള പത്രം, എന്നിവ ലഭ്യമല്ല എന്ന് അറിയിച്ചു

പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ തൊഴിലിടങ്ങളിൽ ലഭ്യമാക്കണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.

▶തൊഴിലാളികൾക്ക് തൊഴിൽ ദിനംകൂട്ടി നൽകണം എന്ന് പറഞ്ഞു .

▶പുതിയ തൊഴിൽ കാർഡിനായി 100 രൂപയോളം ചെലവായതായി തൊഴിലാളികൾ അറിയിച്ചു.

▶ അപേക്ഷിച്ച് 15 ദിവസത്തിനകം തന്നെ തൊഴിൽ ലഭിച്ചതായി തൊഴിലാളികൾ അറിയിച്ചു
തൊഴിലില്ലായ്മ വേതനത്തെ പറ്റിയുള്ള അറിവ് തൊഴിലാളികൾക്ക് ഇല്ലായിരുന്നു
5 കിലോമീറ്ററിൽ പുറത്ത് ജോലി ചെയ്താൽ ലഭിക്കുന്ന യാത്രാ കൂലി ലഭിക്കുന്നതിനെപ്പറ്റിയുള്ള അറിവ് തൊഴിലാളികൾക്ക് ഉണ്ടായിരുന്നു.

▶പണിയായുധങ്ങൾ തൊഴിലാളികൾ തന്നെ പണം ചിലവാക്കി വാങ്ങിയതായി കണ്ടു
കയ്യുറ കാലുറ തുടങ്ങിയ യാതൊരുവിധമായ സുരക്ഷാ ഉപകരണങ്ങളും ലഭ്യമായിട്ടില്ല എന്ന തൊഴിലാളികൾ അറിയിച്ചു.

▶തൊഴിലാളികൾ തന്നെ പണം മുടക്കി വാങ്ങിയ ഫസ്റ്റ് എയ്ഡ് ബോക്സിന്റെ ബില്ല് പഞ്ചായത്തിലെ എൻആർഇജി സെക്ഷനിൽ നൽകിയപ്പോൾ പണം നൽകാൻ കഴിയില്ലെന്ന് അവർ അറിയിച്ചതായി തൊഴിലാളികൾ പരാതിപ്പെട്ടു

▶പദ്ധതിയുടെ ഭാഗമായി വൃത്തിയാക്കിയ കനാലിൽ വേസ്റ്റ് തള്ളുന്നതായി തൊഴിലാളികൾ പരാതിപ്പെട്ടു.

▶ദീപ്തി, രാധ എന്നീ തൊഴിലാളികൾക്ക് സൂര്യതാപം തൊഴിലിടത്തെ വെച്ച് ഏറ്റതായി അറിയിച്ചു.എന്നാൽ തൊഴിലിടത്തെ വെച്ച് ഉണ്ടാകുന്ന അപകടങ്ങൾക്ക് ചികിത്സ സഹായം ലഭ്യമാക്കുമെന്ന വിവരം തൊഴിലാളികൾക്ക് അറിയില്ലായിരുന്നു.

▶ക്രഷ് സൗകര്യത്തെപ്പറ്റി തൊഴിലാളികൾക്ക് അറിവുണ്ടായിരുന്നു.

▶തൊഴിലുറപ്പ് ഗ്രാമസഭ നടത്താറുണ്ടെന്ന് തൊഴിലാളികൾപറഞ്ഞു. തൊഴിലാളികൾ ആരുംതന്നെ മെറ്റീരിയൽ വർക്ക് വർക്ക് ചെയ്തിട്ടില്ല .എന്നാൽമെറ്റീരിയൽവർക്ക്ചെയ്യാനുള്ളതാൽപര്യംതൊഴിലാളികൾക്കില്ല.

▶വേതനം വർധിപ്പിക്കണമെന്നും കിട്ടാൻ ഉള്ള വേതനം ലഭ്യമാക്കണമെന്ന് വേഗത്തിൽ ലഭ്യമാക്കണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു.

▶ഇ എസ് ഐ, ക്ഷേമനിധി, പെൻഷൻ മുതലായവ തൊഴിലുറപ്പ് തൊഴിലാളികൾക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു.

▶ചില ഭൂവുടമകൾ മഴക്കുഴി എടുക്കാൻ അനുവദിക്കുന്നില്ല എന്ന് തൊഴിലാളികൾ പരാതിപ്പെട്ടു.

▶ഒമ്പതാം വാർഡിൽ ആളുകൾ കുറവായതിനാൽ മറ്റുള്ള വാർഡുകളിൽ നിന്ന് ഉള്ള തൊഴിലാളികളെ ചേർത്ത് മസ്റോൾ തയ്യാറാകണമെന്ന് അവർ ആവശ്യപ്പെട്ടു.

▶ഈ വർഷം ഇതുവരെ 65 തൊഴിൽദിനങ്ങൾ ഉണ്ടായിരുന്നു.

▶വിഎംസി അംഗങ്ങൾ തൊഴിലിടം സന്ദർശിക്കാറില്ലെന്ന് തൊഴിലാളികൾ അറിയിച്ചു പുതിയവിഎംസി അംഗങ്ങളെ ആവാർഡ്പ്രദേശത്ത്നിന്നുതന്നെതെരഞ്ഞെടുക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

▶ഒരു പ്രവർത്തി സ്ഥലത്തും CIB സ്ഥാപിച്ചിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു

**പൊതുനിർദേശങ്ങൾ**

**1.തൊഴിലാളികളുടെ എണ്ണം പരമാവധി വർധിപ്പിക്കാനാവശ്യമായ നടപടി**

സ്വീകരിക്കണം.ആവശ്യപ്പെട്ടവർക്കെല്ലാം 100 പണി കൊടുക്കാൻ കഴിയുന്നുണ്ടെന്ന വസ്തുത ജനങ്ങൾക്കിടയിൽ ബോധ്യപ്പെടുത്തണം.

2. തൊഴിലാളികളിൽനിന്നുള്ള അപേക്ഷ വാങ്ങുന്ന രീതിയിൽ സമഗ്രമായ മാറ്റം
വേണം. അവർക്ക് ആവശ്യമുണ്ടാകുമ്പോൾ തൊഴിൽ നൽകാൻ വ്യവസ്ഥയുണ്ടാകണം.

3. ദേശീയ നിരീക്ഷണ ഏജൻസിമുതൽ പദ്ധതി നടത്തിപ്പിലെ ഉന്നതതല ഉദ്യോഗസ്ഥർ വരെയുള്ളവർ അവരെ ഏൽപ്പിച്ച ചുമതലകൾ കൃത്യമായി
നിർവഹിക്കുന്നുണ്ടെന്നുറപ്പാക്കണം.

4. ഡി.പി.സി, ജെ.പി.സി,ബി.പി.ഒ എന്നീ ഉദ്യോഗസ്ഥർ പഞ്ചായത്തിലെ
തൊഴിലുറപ്പ് പദ്ധതി ഓഫീസും കഴിയാവുന്നത്ര പ്രവൃത്തി സ്ഥലങ്ങളും സന്ദർശിക്കുന്നുവെന്നുറപ്പാക്കാൻ
സംസ്ഥാനതലത്തിൽസംവിധാനമുണ്ടാകണം.

6. വിജിലൻസ് ആന്റ് മോണിറ്ററിങ് സംവിധാനം സമഗ്രമായി അഴിച്ചുപണിയണം.ഇവയെ സ്വതന്ത്രമാക്കി നിലനിർത്തി തത്സമയ ഓഡിറ്റിങ്
സമിതികളായി മാറ്റിയെടുക്കണം.

7. വിഎംസിയുടെ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ നിരീക്ഷിക്കപ്പെടണം.

8. സുതാര്യത ഉറപ്പാക്കാൻ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന തരത്തിൽ
സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് അടിയന്തിരമായി എല്ലാ തൊഴിലിടത്തിലും സ്ഥാപിക്കണം.

9. പദ്ധതി ആസൂത്രണത്തിൽ കർഷകരെയും തൊഴിലാളികളെയും പൊതുസമൂഹത്തെയും ഉൾപ്പെടുത്താൻ കഴിയണം.

10. ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായി തയ്യാറാക്കുകയും അത് തൊഴിലാളികൾക്ക്
ലഭ്യമാക്കുകയും അവരെ പറഞ്ഞുമനസിലാക്കുകയും വേണം.

11. തൊഴിലാളികൾക്കുള്ള സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് തലത്തിൽ വാങ്ങിസൂക്ഷിക്കണം.ഇത് തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

12. വാർഡിലെ തൊഴിൽ കാർഡിന്റെ എണ്ണത്തിന് അനുസൃതമായി മേറ്റുമാരെ
തെരഞ്ഞെടുക്കണം.

13. മസ്റ്റർ റോൾ,സൈറ്റ് ഡയറി തുടങ്ങിയ ആധികാരിക രേഖകൾ കൈകാര്യം
ചെയ്യുന്നതിൽ ജാഗ്രതവേണം.

14. ഭൂവികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഭൂവുടമയുടെ ആവശ്യപ്രകാരമായിരിക്കണം.ഇതിനായി പഞ്ചായത്ത് തലത്തിൽ വ്യാപക
പ്രചരണം നൽകി അപേക്ഷ ക്ഷണിക്കണം.

15. ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ അവ മണ്ണ്-ജല സംരക്ഷണത്തിന് ഉതകുന്നതാണന്ന് ഉറപ്പുവരുത്തണം.

16. മേറ്റുമാർക്കും വിജിലൻസ് ആന്റ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾക്കും
സമയബന്ധിതമായി പരിശീലനം നൽകണം

17. ജൈവ സമ്പത്തും ആസ്ഥിയും വർധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ
ഏറ്റെടുക്കാൻ കഴിയണം.

യുവാക്കളും, കാര്യശേഷിയുള്ളവരുമായ ഒരു ശക്തമായ ടീമാണ് പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയെ മുന്നോട്ട് നയിക്കുന്നത്.

18, തൊഴിൽ കണ്ടെത്തുന്നത് മേറ്റുമാർ ആണ് എന്നാണ് മനസിലാക്കാൻ സാധിച്ചത്.

വർക്ക് കണ്ടെത്തുവാനും ആസൂത്രണം ചെയ്യുവാനും തൊഴിലാളികൾക്ക് അവകാശമുണ്ട് .തൊഴിലുറപ്പു നിയമം ഈ അവകാശം വളരെ കൃത്യമായി നിർവചിച്ചിട്ടുണ്ട്. ഇതിൻറെ അർത്ഥം ഓരോ പ്രദേശത്തെയും തൊഴിലാളികൾക്ക് ആ പ്രദേശത്തിന് ,ആ നാടിന് അനുയോജ്യവും, അവർ അടക്കമുള്ള പാവപ്പെട്ട മനുഷ്യർക്ക് ഗുണകരവും ആയിട്ടുള്ള പ്രവർത്തികൾ കണ്ടെത്തുവാനും അത്തരം പ്രവർത്തികൾ നടപ്പിലാക്കണമെന്ന് പഞ്ചായത്തിനോട് നിർദ്ദേശിക്കാൻ ഉള്ള അധികാരവും അവകാശവും ഉണ്ട് എന്നാണ് .

പക്ഷേ അതിൻറെ അർത്ഥം തൊഴിൽ കണ്ടെത്തുന്നതിന് മുഴുവൻ ഉത്തരവാദിത്വവും തൊഴിലാളിക്കാണ് എന്നു പറയുന്നത് ശരിയല്ല . പ്രവർത്തി കണ്ടെത്താനുള്ള ഉത്തരവാദിത്തം നിർവഹണ ഏജൻസികളുടെതാണ് . ഈ ഉത്തരവാദിത്തം നിർവഹണ ഏജൻസി ലാണ് നിക്ഷിപ്തമായിട്ടുള്ളത്. അതിനായിട്ട് പ്രത്യേകമായ പരിശീലനവും ബിരുദവും മറ്റുമുള്ള എൻജിനീയർമാരും ഓവർസിയർ മാരുടെയും ബയർ ഫുട്ട് എഞ്ചിനീയർമാരും അടക്കമുള്ള സംഘം നിർവഹണ ഏജൻസി യുടെ ഭാഗമായിട്ടുള്ളത് . അതുകൊണ്ടുതന്നെ വർക്കുമായി ബന്ധപ്പെട്ടിട്ടുള്ള ആശയങ്ങളെ പൊതു ജനങ്ങളിൽനിന്നും സ്വീകരിക്കുകയും ഇത്തരം ആശയങ്ങളെ മുൻനിർത്തി പ്രവർത്തികൾ പ്രോജക്ടുകൾ ആക്കി മാറ്റേണ്ട ഉത്തരവാദിത്വം, ഇതുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധർക്കും ഉദ്യോഗസ്ഥർക്കും തന്നെയാണ്

ചിലയിടങ്ങളിലെങ്കിലും തൊഴിലാളികൾ 100 പണിയും ആവശ്യപ്പെടുമ്പോൾ, പ്രവർത്തികൾ തൊഴിലാളികൾ തന്നെ കണ്ടു പിടിക്കണം എന്ന രീതിയിൽ നിർവ്വഹണ ഏജൻസിയിൽ നിന്നും നിർബന്ധം പിടിക്കാറുണ്ട്. തൊഴിലാളികൾക്ക് സാദ്ധ്യതകൾ ചൂണ്ടിക്കാട്ടാം, ചില അവസരങ്ങളിൽ നിശ്ചിത പ്രവർത്തികൾ ആവശ്യപ്പെടാം.അതല്ലാതെ ചിലയിടത്തെങ്കിലും പറഞ്ഞു വരുന്നതുപോലെ തൊഴിലാളികൾ തന്നെ പണി കണ്ടെത്തണമെന്ന് തരത്തിലുള്ള സമീപനം

ശരിയായിട്ടുള്ളതല്ല. ഇത് , നിയമവിരുദ്ധമാണെന്ന് മാത്രമല്ല അധാർമികവും ആണ്.

**കഴിഞ്ഞ വർഷം 261.41ലക്ഷവും ഈ വർഷം 163.61ലക്ഷം രൂപയും കൂലിയിനത്തിൽ തൊഴിലാളികളുടെ കൈയിലെത്തിക്കാൻ കഴിഞ്ഞത് ഉദ്യോഗസ്ഥരുടെ ശുഷ്ക്കാന്തി**
**കൊണ്ടാണ്. വ്യത്യസ്തമായ പ്രവൃത്തികൾ കണ്ടെത്തുന്നതിൽ താൽപ്പര്യം കാണിച്ചാൽ കുറെക്കൂടി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവക്കാനാകും.**

സോഷ്യൽഓഡിറ്റ്യൂണിറ്റ്

ശ്രിമതിപാർവ്വതി(ജില്ലാറിസോര്ഴ്സ്പേർഴ്സൺ)

സലീനബീഗം (ബ്ലോക്ക്റിസോഴ്സ്പേർഴ്സൺ) 9447230834

സഹായിച്ചവർ:- പഞ്ചായത്ത്പ്രസിഡന്റ്.,
,വാർഡ്മെമ്പർജനപ്രതിനിധികൾ,മേററ്മാർ,,തൊഴിലാളികൾ,ഉദ്യോഗസ്ഥർ,

29/11/2019
മയ്യനാട് 9ാം വാർഡ്

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുട്സ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മയ്യനാട് പഞ്ചായത്ത്, പുല്ലിച്ചിറ 9ാം വാർഡ് ദ്വാരക 1610 നമ്പർ അംഗനവാടിയിൽ വച്ച് കൃത്യം 11.10 am ന് ആരംഭിച്ചു. ഉദ്ഘാടനത്തിന് 20 തൊഴിലാളികൾ കൂടിയാണ് യോഗം ആരംഭിച്ചത്. ശേഷം അധ്യക്ഷയെ തെരഞ്ഞെടുത്തു. തൊഴിലാളികളിൽ നിന്നു അധ്യക്ഷയായി ഷീലയെ തെരഞ്ഞെടുത്തു. ശേഷം വി.ആർ.പി അനുജ മേശപ്പുറത്ത് പ്രതിജ്ഞ ചൊല്ലി കൊടുത്തു. അധ്യക്ഷ വായിച്ച് തുടങ്ങ് ശേഷം വാർഡ് മെമ്പറുടെ അസാന്നിധ്യത്തിൽ ചടങ്ങിൽ പങ്കെടുത്ത ശ്രീ. ലെസ്‌ലി ജോർജ് (ചെയർമാൻ DSA) സ്വാഗത പ്രസംഗം നടത്തി. തൊഴിലുറപ്പ് പദ്ധതിയുടെ ആരംഭ ലക്ഷ്യം ഇന്നത്തിലേക്ക് എത്തിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. B.R.P ഷമീന ആമുഖ പ്രസംഗം നടത്തി. സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. തൊഴിലുറപ്പ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്ന തൊഴിലാളികളുടെ അവകാശങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കലാണെന്ന് പറഞ്ഞു. അടിസ്ഥാന രേഖകളുടെ ആവശ്യകതയെപ്പറ്റി ബോധവത്കരിച്ചു. VRP അനുജ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു. പ്രവൃത്തിസ്ഥലങ്ങൾ എന്തുകൊണ്ട് കാടുമൂടിയതാണെന്ന് BRP ചോദിച്ചു. പ്രവൃത്തി നിലനിർത്തണമെന്ന് തൊഴിലാളികളെ ബോധവത്കരിക്കണമെന്ന് BRP ആവശ്യപ്പെട്ടു. ജോ. BDO മറുപടി പ്രസംഗം നടത്തി. എന്തുകൊണ്ട് എല്ലാ തൊഴിലാളികളും യോഗത്തിൽ പങ്കെടുത്തില്ലെന്ന് അദ്ദേഹം ചോദിച്ചു. അടുത്ത ജോലികൾക്ക് പോയെന്ന് തൊഴിലാളികൾ മറുപടി പറഞ്ഞു. ഓരോ മസ്റ്ററോളിലും കുറഞ്ഞത് 10 തൊഴിലാളികളെ ചേർക്കണമെന്ന് ജോ. BDO പറഞ്ഞു. അത് സാധ്യമല്ലെന്ന് ഷീല എന്ന തൊഴിലാളി അറിയിച്ചു. KLP കാർഡ് സമർപ്പിക്കാൻ കഴിയില്ല കാരണം അതിന്റെ ആവശ്യമില്ല അതിനാൽ ഈ പരാമർശം റിപ്പോർട്ടിൽ നിന്ന് ഒഴിവാക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു.

261

ജോലിയ്ക്ക് ശേഷം പിറ്റേദിവസം തന്നെ ബില്ലുകൾ
പണിയായുധത്തിന് എത്തിയ്ക്കണം എന്ന് അദ്ദേഹം പറഞ്ഞു.
കുടിവെള്ളം തൊഴിലാളികൾ കൊണ്ടുവരാൻ ശ്രമിയ്ക്കണ
മെന്ന് അദ്ദേഹം പറഞ്ഞു. ഫസ്റ്റ് എയ്ഡ് കിറ്റിലുണ്ടാകേണ്ടി
ഉള്ള അടിയന്തര പണിയായുധം തൊഴിലിടത്തിൽ നൽകണമെന്ന്
അദ്ദേഹം പറഞ്ഞു. സാധ്യത ആവശ്യപ്പെടണമെന്ന്
അദ്ദേഹം പറഞ്ഞു. CIB ബോർഡ് പ്രവൃത്തിസ്ഥല
ത്ത് സ്ഥാപിക്കണമെന്ന് അദ്ദേഹം പറഞ്ഞു. തൊഴിൽ
കാർഡ് സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണെന്ന് പറഞ്ഞു.
ഇനിയുള്ള സമയത്ത് എല്ലാ ദിവസവും തൊഴിലാളിക
ൾക്ക് നൽകണമെന്ന് പഞ്ചായത്ത് അധികൃതരോട്
അദ്ദേഹം നിർദ്ദേശിച്ചു. ഫണ്ട് ലഭ്യമാകുമ്പോൾ
AMC ചെയ്യാം എല്ലാ രേഖകളും ഉൾപ്പെടുത്തണമെന്ന്
നിർദ്ദേശിച്ചു. തൊഴിൽ കാർഡിന് 100 രൂപ ചെലവായി
എന്ന് BRP തൊഴിലാളികളോട് ചോദിച്ചപ്പോൾ അവർ
അറിയില്ല എന്ന് പറഞ്ഞു. ഈ പണം തിരികെ കൊടുക്കേ
ണമെന്ന് BRP നിർദ്ദേശിച്ചു. അസിസ്റ്റന്റ് സെക്രട്ടറി
മറുപടി പ്രസംഗം നടത്തി. ഒരു പുതിയ തൊഴിൽ കാർഡി
നായി ചെലവായ പണം തിരികെ നൽകുമെന്ന് അദ്ദേ
ഹം പറഞ്ഞു. ഫോട്ടോ എടുക്കുന്നതിനായി ക്യാമറ
വാങ്ങാം എന്ന് അദ്ദേഹം ഉറപ്പ് നൽകി. ഒരുക്ക
കാര്യ നടത്തിയ സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതിനു
ള്ള നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം അറിയിച്ചു.
തൊഴിലാളികൾക്ക് തൊഴിൽ സമയത്ത് ഉണ്ടാകുന്ന
അപകടങ്ങൾ തൊഴിലുടമ പഞ്ചായത്തിനെ അറിയിക്ക
ണമെന്ന് അദ്ദേഹം അറിയിച്ചു. കൂലി കൃത്യമായി
നൽകാം വിഷയങ്ങളിൽ പഞ്ചായത്ത് ഇടപെടുമെ
ന്ന് അദ്ദേഹം അറിയിച്ചു. കുടുംബശ്രീ മുഖേന
പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെ
ട്ടു. അതിന് വേണ്ട നടപടി BRP അറിയി
ച്ചു. അതിനായി യോഗം വിളിക്കണമെന്ന് അദ്ദേഹം
അറിയിച്ചു. അടുത്ത പൊതുയോഗത്തിൽ ഫണ്ട്
കൃത്യമായി എല്ലാ രേഖകളും ചേർത്ത് സൂക്ഷിക്കുമെന്ന്
അറിയിച്ചു. AE മറുപടി പ്രസംഗം
നടത്തി. ചെയർപേഴ്സൺ യോഗം അവസാനിപ്പിച്ചു

പോർട്ടൽ പഞ്ചായത്തിൽ എത്തിയ്ക്കണമെന്ന് ആവശ്യം.
അറിയിച്ചു. തൊഴിൽ കാർഡിന് 100 രൂപ പിരിച്ചു
കൊടുക്കുമെന്ന് അറിയിച്ചു. CIB കുടുംബശ്രീ
വഴി ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുമെന്ന്
AE അറിയിച്ചു. M.book ൽ എന്തുകൊണ്ട്
അളവുകൾ രേഖപ്പെടുത്തിയിട്ടില്ല എന്ന് VRP അന്വേഷി-
ച്ചി ചോദിച്ചു. ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ
അഭാവം മൂലമാണെന്ന് AE അറിയിച്ചു. ~~[illegible]~~ സ്ത്രീ
ഷെഡുകളുടെ എണ്ണം കൂടാൻ പഞ്ചായത്തിനോട്
ആവശ്യപ്പെടണമെന്ന് BRP സലീന നിർദ്ദേശിച്ചു.
തൊഴിലുകൂടി ഉൾപ്പെടുത്താൻ ശ്രമിക്കാം എന്ന്
അസി. സെക്രട്ടറി പറഞ്ഞു. [illegible]
തൊഴിലാളികളെ പരിശീലിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.
ശ്രമിക്കാം എന്ന് BRP അറിയിച്ചു. കുടുംബശ്രീ
പ്രവർത്തകരെക്കൂടി ഈ തൊഴിലുറപ്പ് പദ്ധതിയിൽ
ഉൾപ്പെടുത്തണമെന്ന് തൊഴിലാളിയായ രഞ്ജിനി
അഭിപ്രായപ്പെട്ടു. A.O കിരൺ കൃതജ്ഞത അറിയിച്ചു.
1. മണിക്ക് യോഗം അവസാനിച്ചു. വിശ്വസ്ത

ഷീബ
മഞ്ഞപ്പുര വീട്
പറന്തി കോടിയം.

Sheeba